**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പരീക്ഷ വിഭാഗം-സർവകലാശാല പരീക്ഷകളുടെ ഫലം കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനായി ഫാൾസ് നമ്പർ മാപ്പിംഗ് / മാർക്ക് എൻട്രി എന്നിവയിൽ 'ഡബിൾ എൻട്രി' സമ്പ്രദായം നടപ്പിലാക്കുന്നതിനു 15 .02 .2020 ൽ കൂടിയ സിൻഡിക്കേറ്റ് എടുത്ത തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു .

---

**പരീക്ഷാ വിഭാഗം എൻ 15 സെക്ഷൻ**

നമ്പർ. 1507/EN 15/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.03.2020

---

*പരാമർശം:*-1 . 19 .11 .2019 ലെ സിണ്ടിക്കേറ്റിലേക്കുള്ള കുറിപ്പ് No .28433/ EN 15 / 2019

2 .15 .02 .2020 ലെ സിന്റിക്കേറ്റ യോഗത്തിന്റെ മിനുട്സ് ഇനം No .90/20.01/DDFS-28433/2019

**<u>ഉത്തരവ്</u>**

സർവകലാശാല പരീക്ഷകളുടെ ഫാൾസ് നമ്പർ മാപ്പിംഗ് / മാർക്ക് എൻട്രി എന്നിവ നിലവിൽ 'സിംഗിൾ എൻ്ററി' സംബ്രദായത്തിലാണ് ചെയ്തുവരുന്നത്. ആയതുമൂലം ടാബുലേറ്റുചെയ്ത ഒരോ ഫാൾസ് നമ്പർ/ മാർക്ക് എന്നിവ മനുഷ്യ സഹായത്താൽ പുനഃപരിശോധിക്കേണ്ടി വരുന്ന (verification) സാഹചര്യമാണ് നിലവിലുള്ളത്. ഡേറ്റയുടെ ബാഹുല്യം മൂലം കുറഞ്ഞ സമയത്തിനുള്ളിൽ മുഴുവൻ മാർക്കുകളുടെയും മനുഷ്യ സഹായത്താലുള്ള പുനഃപരിശോധോന അസാധ്യവും ഫലപ്രദവുമാ കാതെ വരുന്നതിൽ പരീക്ഷാഫലത്തിൽ തെറ്റുകൾ കടന്നുകൂടുന്നതായും , തുടർന്ന് ഫലപ്രഖ്യാപനത്തിനു ശേഷം തെറ്റുകൾ തിരുത്തി ഫലം പ്രഖ്യാപിക്കേണ്ടതായി വരുന്നതായും ശ്രദ്ധയില്പെടുകയുണ്ടായി. ആയതു വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.

ഡേറ്റയുടെ കൃത്യത ഉറപ്പാക്കാക്കി കുറ്റമറ്റ രീതിയിൽ ഫലപ്രഖ്യാപനം നടത്തുന്നതിന് ഓരോ പരീക്ഷയുടെയും മാപ്പിംഗ് / മാർക്ക് എന്റ്രി 'ഡബിൾ എൻട്രി' സമ്പ്രദായത്തിൽ നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമെന്നു കണ്ടെത്തിയതിനെ തുടർന്ന് വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം വിശദമായ ശുപാർശ (പരാമർശം-1) സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ശുപാർശ 15 .02 .2020 ൽ കൂടിയ സിന്റിക്കേറ്റ് പരിഗണിക്കുകയും പരാമർശം 2 പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു .

Draft #2 of File 28433/EN15 SO/2019/EN 15 Approved by ASSISTANT REGISTRAR XVIII (EXAM) on 11-Mar-2020 03:49 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

"സർവ്വകലാശാല പരീക്ഷകളുടെ മാർക്ക് എൻട്രിയിൽ ഡബിൾ എൻട്രി സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു ."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോമരാജൻ എം എം

അസിസ്റ്റന്റ് രജിസ്ട്രാർ 18 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 .വി .സി ,പി .വി .സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2 .രജിസ്ട്രാർ .പരീക്ഷ കൺട്രോളർ ,ഫിനാൻസ് ഓഫീസർ എന്നിവരുടെ PA മാർ

3 .JR 1 / JR 2 / JR 3 / JR 4 (എക്സാം)

4. DR CETEX (with proposal for double entry)

5 .സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

6 .CONTENT MANAGEMENT SECTION

7 .PRO

8 .ഫയൽ കോപ്പി / റെക്കോർഡ്സ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 28433/EN15 SO/2019/EN 15 Approved by ASSISTANT REGISTRAR XVIII (EXAM) on 11-Mar-2020 03:49 PM - Page 2